ടി.കെ ഉബൈദ്



സൂറ - 48

# അല്‍ ഫത്ഹ്

# الفتح

### സൂക്തം 29

അന്ത്യപ്രവാചകന്റെ ആഗമനവും ഇസ് ലാമിന്റെ ഉത്ഥാനവും, പൂര്‍വവേദങ്ങളായ തൗറാത്തും (പഴയ നിയമം) ഇഞ്ചീലും (പുതിയ നിയമം) വ്യക്തമായി പ്രവചിച്ചിട്ടുണ്ടായിരുന്നുവെന്നാണ് ഈ സൂക്തം സൂചിപ്പിക്കുന്നത്. എന്നാല്‍, പ്രവാചകനെയും ഇസ് ലാമിനെയും നേര്‍ക്കു നേരെ പരാമര്‍ശിക്കുന്ന വചനങ്ങള്‍ രണ്ടു വേദങ്ങളിലും ഇപ്പോള്‍ കാണപ്പെടുന്നില്ല. ബാഹ്യാര്‍ഥത്തില്‍ തന്നെ ഇസ്‌ലാമിനെയും മുഹമ്മദ് നബിയെയും പരാമര്‍ശിക്കുന്ന വചനങ്ങള്‍ രണ്ടു ബൈബിളുകളില്‍നിന്നും പില്‍ക്കാലത്ത് നീക്കം ചെയ്യപ്പെട്ടതായിരിക്കുമെന്ന് ചില പണ്ഡിതന്മാര്‍ പറയുന്നു.

---

مُّحَمَّدٌ رَّسُولُ ٱللَّهِ ۚ وَٱلَّذِينَ مَعَهُۥٓ أَشِدَّآءُ عَلَى ٱلْكُفَّارِ رُحَمَآءُ بَيْنَهُمْ ۖ تَرَىٰهُمْ رُكَّعًا سُجَّدًا يَبْتَغُونَ
فَضْلًا مِّنَ ٱللَّهِ وَرِضْوَٰنًا ۖ سِيمَاهُمْ فِى وُجُوهِهِم مِّنْ أَثَرِ ٱلسُّجُودِ ۚ ذَٰلِكَ مَثَلُهُمْ فِى ٱلتَّوْرَىٰةِ ۚ
وَمَثَلُهُمْ فِى ٱلْإِنجِيلِ كَزَرْعٍ أَخْرَجَ شَطْـَٔهُۥ فَـَٔازَرَهُۥ فَٱسْتَغْلَظَ فَٱسْتَوَىٰ عَلَىٰ سُوقِهِۦ يُعْجِبُ
ٱلزُّرَّاعَ لِيَغِيظَ بِهِمُ ٱلْكُفَّارَ ۗ وَعَدَ ٱللَّهُ ٱلَّذِينَ ءَامَنُوا۟ وَعَمِلُوا۟ ٱلصَّٰلِحَٰتِ مِنْهُم مَّغْفِرَةً وَأَجْرًا
عَظِيمًۢا ﴿٢٩﴾

*29*
*മുഹമ്മദ് അല്ലാഹുവിന്റെ ദൂതനാകുന്നു. അദ്ദേഹത്തോടൊപ്പമുള്ളവര്‍, കൊടിയ കാഫിറുകളോട് കര്‍ക്കശരും തങ്ങള്‍ക്കിടയില്‍ ദയാലുക്കളുമാകുന്നു. അല്ലാഹുവിന്റെ ഔദാര്യവും പ്രീതിയും തേടിക്കൊണ്ട് കുമ്പിടുന്നവരായും സാഷ്ടാംഗം പ്രണാമം ചെയ്യുന്നവരായും നിനക്കവരെ കാണാം. അവരുടെ മുഖങ്ങളില്‍ സുജൂദിന്റെ ലക്ഷണങ്ങള്‍ കാണാം. അതത്രെ തൗറാത്തില്‍ അവരുടെ ഉദാഹരണം. ഇഞ്ചീലിലുള്ള ഉദാഹരണമാകട്ടെ, ഒരു വിത്തിന്റേതാകുന്നു. അത് ആദ്യം തളിര്‍കൂമ്പ് വെളിപ്പെടുത്തി. എന്നിട്ടതിനെ ശക്തിപ്പെടുത്തി. പിന്നെ തടിച്ചു ബലിഷ്ഠമായി, കര്‍ഷകരെ കൗതുകപ്പെടുത്തിക്കൊണ്ട് സ്വന്തം കാണ്ഡത്തില്‍ സന്തുലിതമായി നിലകൊണ്ടു. അവരുടെ സമൃദ്ധിയില്‍ സത്യനിഷേധികളെ രോഷം കൊള്ളിക്കാന്‍. അവരില്‍ സത്യവിശ്വാസികളായി സല്‍ക്കര്‍മങ്ങളാചരിച്ചവര്‍ക്ക് അല്ലാഹു പാപമുക്തിയും മഹത്തായ കര്‍മഫലവും വാഗ്ദാനം ചെയ്തിരിക്കുന്നു.*

| | |
|---|---|
| മുഹമ്മദ് അല്ലാഹുവിന്റെ ദൂതനാകുന്നു | مُّحَمَّدٌ رَّسُولُ ٱللَّهِ |

| | |
|---|---|
| അദ്ദേഹത്തോടൊപ്പമുള്ളവർ | وَالَّذِينَ مَعَهُ |
| കൊടിയ കാഫിറുകളോട് കർക്കശരാകുന്നു | أَشِدَّاءُ عَلَى الْكُفَّارِ |
| തങ്ങൾക്കിടയിൽ ദയാലുക്കളുമാകുന്നു | رُحَمَاءُ بَيْنَهُمْ |
| നിനക്ക് അവരെ കാണാം | تَرَاهُمْ |
| കുമ്പിടുന്നവരായിട്ട് | رُكَّعًا |
| സാഷ്ടാംഗം പ്രണാമം ചെയ്യുന്നവരായിട്ടും | سُجَّدًا |
| അവർ അല്ലാഹുവിന്റെ ഔദാര്യം തേടുന്നു | يَبْتَغُونَ فَضْلًا مِّنَ اللَّهِ |
| പ്രീതിയും | وَرِضْوَانًا |
| അവരുടെ ലക്ഷണ, അടയാളങ്ങൾ | سِيمَاهُمْ |
| അവരുടെ മുഖങ്ങളിൽ (കാണാം) | فِي وُجُوهِهِم |
| സുജൂദിന്റെ അവശിഷ്ടത്താൽ (ഫലമായി) | مِّنْ أَثَرِ السُّجُودِ |
| അതത്രെ തൗറാത്തിൽ അവരുടെ ഉദാഹരണം, ഉപമ | ذَٰلِكَ مَثَلُهُمْ فِي التَّوْرَاةِ |
| ഇഞ്ചീലിൽ ഉള്ള ഉദാഹരണം ആകട്ടെ | وَمَثَلُهُمْ فِي الْإِنجِيلِ |
| ഒരു കൃഷിപോലെ (ഒരു വിത്തിന്റേതാകുന്നു) | كَزَرْعٍ |
| അത് അതിന്റെ (തളിർ) കൂമ്പു വെളിപ്പെടുത്തി | أَخْرَجَ شَطْأَهُ |
| എന്നിട്ടതിനെ ശക്തിപ്പെടുത്തി | فَآزَرَهُ |
| പിന്നെ പരുക്കനായി (തടിച്ചു ബലിഷ്ഠമായി) | فَاسْتَغْلَظَ |
| സ്വന്തം കാണ്ഡത്തിന്മേൽ സന്തുലിതമായി നിലകൊണ്ടു | فَاسْتَوَىٰ عَلَىٰ سُوقِهِ |
| കർഷകരെ കൗതുകപ്പെടുത്തിക്കൊണ്ട് | يُعْجِبُ الزُّرَّاعَ |
| രോഷം കൊള്ളിക്കാൻ | لِيَغِيظَ |
| അവരെക്കൊണ്ട് (അവരുടെ സമൃദ്ധിയിൽ) | بِهِمُ |
| കൊടിയ സത്യനിഷേധികളെ | الْكُفَّارَ |
| അല്ലാഹു വാഗ്ദത്തം ചെയ്തിരിക്കുന്നു | وَعَدَ اللَّهُ |
| അവരിൽ സത്യവിശ്വാസികളായി സൽക്കർമങ്ങളാചരിച്ചവർക്ക് | الَّذِينَ آمَنُوا وَعَمِلُوا الصَّالِحَاتِ مِنْهُم |
| പാപമുക്തി | مَّغْفِرَةً |
| മഹത്തായ കർമഫലവും | وَأَجْرًا عَظِيمًا |

നിത്യജീവിതത്തിൽ കണ്ടുമുട്ടുന്ന എല്ലാവരോടും സൗമ്യമായും ഹൃദ്യമായും പെരുമാറുക എന്നത് ഇസ് ലാമിന്റെ സ്വാഭാവിക ചര്യകളിൽ പെട്ടതാകുന്നു.

മുഹമ്മദ് (സ)ന്റെ പ്രവാചകത്വം ഒന്നുകൂടി ഊന്നിപ്പറഞ്ഞുകൊണ്ടും പ്രവാചക ശിഷ്യന്മാരുടെ സൽഗുണങ്ങൾ വർണിച്ചു പ്രശംസിച്ചുകൊണ്ടും സൂറ സമാപിക്കുകയാണ്. 'അദ്ദേഹത്തോടൊപ്പമുള്ളവർ' -وَالَّذِينَ مَعَهُ- ഹുദൈബിയയിലും മറ്റും പ്രവാചകനെ അനുഗമിക്കുകയും അദ്ദേഹത്തിന്റെ തീരുമാനങ്ങളെ പിന്തുണക്കുകയും ആജ്ഞകളനുസരിക്കുകയും ചെയ്യുന്ന സ്വഹാബത്താണ്. കഠിനമായതും പരുഷമായതും കർക്കശമായതും شَدِيد ആകുന്നു. أَشِدَّاءُ അതിന്റെ ബഹുവചനം. അപരന്റെ പ്രകോപനങ്ങൾക്കും പ്രലോഭനങ്ങൾക്കും ഇംഗിതങ്ങൾക്കും വഴങ്ങാതെ സ്വന്തം നിലയിൽ ഉറച്ചു നിൽക്കുന്നയാളെ أشدّ عليه എന്നു പറയും.

പ്രവാചകന്റെ കൂടെയുള്ളവർ സത്യ-ധർമങ്ങൾ കണ്ണടച്ചു നിഷേധിക്കുന്ന കൊടിയ കാഫിറുകളോട് -كفّار- കർക്കശർ -اشدّاء- ആകുന്നു എന്നതിന്റെ താൽപര്യം അവരെ ഭയപ്പെടാത്തവരും അവരുടെ ഇംഗിതങ്ങൾക്കു വഴങ്ങാത്തവരും പ്രകോപനങ്ങളിലും പ്രലോഭനങ്ങളിലും വീണുപോകാത്തവരും ആദർശകാര്യങ്ങളിൽ അവരോട് ഒരു വിട്ടുവീഴ്ചക്കും തയാറല്ലാത്തവരുമാകുന്നു എന്നാണ്. പ്രവാചകന്റെ സന്തത സഹചാരികൾ തൗഹീദിന്റെ വാഹകരും ഇസ്ലാമിക പ്രബോധകരുമാണ്. തൗഹീദിൽ വെള്ളം ചേർത്തുകൊണ്ടുള്ള ഒരു ഒത്തുതീർപ്പും അവർക്ക് സ്വീകാര്യമല്ല. വിശ്വാസികളുടെ മനസ്സിൽ തൗഹീദിന്റെ വെളിച്ചമാണെങ്കിൽ അവിശ്വാസികളുടെ മനസ്സിൽ ശിർക്കിന്റെ കൂരിരുട്ടാണ്. ഇവ തമ്മിൽ ഒരു സമരസവുമില്ല.

വിശ്വാസികൾ അവിശ്വാസികളോട് സൗഹൃദത്തോടെ, സൗമ്യതയോടെ പെരുമാറാൻ പാടില്ലെന്നോ എപ്പോഴും ക്രുദ്ധമായും പരുഷമായും മാത്രമേ പെരുമാറാവൂ എന്നോ അല്ല ഇപ്പറഞ്ഞതിനർഥം. ഇവിടെ പറയുന്നത് ജിഹാദിന്റെ സന്ദർഭത്തിലും ആദർശവിഷയത്തിലും കൊടിയ സത്യനിഷേധികളോട് -كفّار- സ്വീകരിക്കേണ്ട പെരുമാറ്റത്തെക്കുറിച്ചാണ്. അവിശ്വാസികളോട് പൊതുവിൽ സാധാരണ ജീവിതത്തിലെ ദൈനംദിന ഇടപാടുകളിൽ സ്വീകരിക്കേണ്ട രീതിയെ കുറിച്ചല്ല. നിത്യജീവിതത്തിൽ കണ്ടുമുട്ടുന്ന എല്ലാവരോടും സൗമ്യമായും ഹൃദ്യമായും പെരുമാറുക എന്നത് ഇസ് ലാമിന്റെ സ്വാഭാവിക ചര്യകളിൽ പെട്ടതാകുന്നു. പ്രവാചകന്റെയും സ്വഹാബത്തിന്റെയും ചരിത്രത്തിൽ അതിന് ധാരാളം ഉദാഹരണങ്ങൾ കാണാം.

رحيم ന്റെ ബഹുവചനമാണ് رُحَمَاءُ. അർഥം വിശദീകരിക്കേണ്ടതില്ലല്ലോ. പ്രവാചകന്റെ സഹചാരികൾ വിശ്വാസികൾക്കിടയിൽ തികഞ്ഞ സ്നേഹോദാരതയോടെയും ദയാവായ്പോടെയുമാണ് വർത്തിക്കുന്നത് എന്നാണ് رُحَمَاءُ بَيْنَهُمْ ന്റെ താൽപര്യം. അവർ സ്റ്റേഹിക്കുന്നതും വെറുക്കുന്നതും അല്ലാഹുവിനു -അവന്റെ പ്രീതിക്കു-വേണ്ടിയാണ്. 5:54-ൽ ഈ സ്വഭാവവിശേഷത്തെ قَوْمٍ يُحِبُّهُمْ وَيُحِبُّونَهُ أَذِلَّةٍ عَلَى الْمُؤْمِنِينَ أَعِزَّةٍ عَلَى الْكَافِرِينَ (അവൻ സ്നേഹിക്കുന്നവരും അവനെ സ്നേഹിക്കുന്നവരും വിശ്വാസികൾക്കു വഴങ്ങുന്നവരും നിഷേധികൾക്കു വഴങ്ങാത്തവരുമായ സമൂഹം) എന്നാണ്.

പ്രവാചകന്റെ സഖാക്കൾ തങ്ങൾക്കിടയിൽ പരസ്പരം സ്നേഹത്തോടെ, വിട്ടുവീഴ്ചയോടെ, ദയാവായ്പോടെ മൃദുലമായി വർത്തിക്കുന്നവരാകുന്നു എന്ന് സാരം. ركّعا - راكع- ന്റെയും سُجّدًا - سَاجد- ന്റെയും ബഹുവചനമാണ്. അല്ലാഹുവിന്റെ ഔദാര്യവും പ്രീതിയും തേടിക്കൊണ്ട് റുകൂഉം സുജൂദും ചെയ്യുന്നവരായി കാണാം എന്നതിന്റെ അർഥം ഭയഭക്തിയോടെ നമസ്കരിക്കുന്നവരായി കാണാം എന്നാണ്. മുഖഭാവവും ലക്ഷണവും അടയാളവും سيماء ആണ്. നടന്ന സംഗതിയുടെ അവശിഷ്ടവും സ്വാധീനവും أثر ആകുന്നു. آثار قديمة -പൗരാണികാവശിഷ്ടങ്ങൾ. നിരന്തരമായും ദീർഘമായും സാഷ്ടാംഗം പ്രണാമം ചെയ്തതിന്റെ ലക്ഷണം അവരുടെ മുഖത്ത് തെളിഞ്ഞുകാണാം എന്നാണ് سِيمَاهُمْ فِي وُجُوهِهِم مِّنْ أَثَرِ السُّجُودِ ന്റെ താൽപര്യം. ഈ ലക്ഷണം ഏതാണെന്ന കാര്യത്തിൽ പണ്ഡിതന്മാർ വ്യത്യസ്തമായ അഭിപ്രായങ്ങളുന്നയിച്ചിരിക്കുന്നു. സുജൂദിന്റെ ഫലമായി മുഖത്ത് സവിശേഷമായ പ്രസന്ന ഭാവവും പ്രസരിപ്പും ദൃശ്യമാകും എന്ന് ഒരു കൂട്ടർ. പതിവായി നമസ്കരിക്കുന്നവരുടെ നെറ്റിത്തടത്തിൽ കാണപ്പെടുന്ന നമസ്കാരത്തഴമ്പാണെന്ന് മറ്റൊരു കൂട്ടർ. രാത്രി ദീർഘനേരം ഉറക്കമിളച്ച് നമസ്കരിക്കുന്നവരുടെ മുഖത്ത് കാണപ്പെടുന്ന മഞ്ഞളിപ്പും വിളർപ്പുമാണ് അവരുടെ ലക്ഷണം - سِيمَاهُمْ - എന്ന് ഇനിയൊരു കൂട്ടർ. ഈ ലോകത്ത് നിഷ്ഠയോടെ നമസ്കാരം നിർവഹിച്ചിരുന്നവരുടെ മുഖത്ത് വിചാരണാ സഭയിൽ സവിശേഷമായ സമാധാനവും സന്തോഷവും കളിയാടുന്നതു കാണാം എന്നാണ് നാലാമത്തെ വ്യാഖ്യാനം. സൂക്തത്തിലെ പദങ്ങൾ നാലു വ്യാഖ്യാനത്തിനും പഴുതനുവദിക്കുന്നുവെങ്കിലും, പ്രവാചകനെയും സഖാക്കളെയും ഈ ലോകത്ത് പ്രശംസിക്കുന്ന പശ്ചാത്തലത്തിൽ ഒന്നും രണ്ടും വ്യാഖ്യാനങ്ങളാണ് കൂടുതൽ സന്ദർഭോചിതം. അതിൽതന്നെ ഏറെ സ്വീകാര്യമായത് ഒന്നാമത്തേതാണ്. തഴമ്പ് ശരീര പ്രകൃതിയുടെ ഭാഗമാണ്. നെറ്റിയിൽ അല്ലെങ്കിലും, നമസ്കരിക്കാത്തവർക്കും ജന്തുക്കൾക്കുമെല്ലാം തഴമ്പ് ഉണ്ടാകാറുണ്ട്. സുജൂദ് ചെയ്യുന്നവർക്ക് നെറ്റിയിൽ തഴമ്പുണ്ടാകുന്നു. മുട്ടുകുത്തുന്നവർക്ക് മുട്ടിൽ തഴമ്പുണ്ടാകുന്നു. നിലമുഴാനും വണ്ടിവലിക്കാനും ഉപയോഗിക്കുന്ന കാലികളുടെ പിരടിയിലും തഴമ്പുണ്ടാകും. എങ്കിലും നെറ്റിയിൽ തെളിയുന്ന നമസ്കാരത്തഴമ്പു തന്നെയാണ് ഉദ്ദേശ്യമെന്ന് മാലികുബ്നു അനസും ഇക് രിമയും

**'ഉയിർത്തെഴുന്നേൽപു നാളിൽ നമസ്കാരക്കാർക്കുണ്ടാകുന്ന പ്രകാശം 'അവരുടെ മുഖത്തെ സീമാഅ്' ആകുന്നു എന്ന് നബി (സ) പ്രസ്താവിച്ചതായി ത്വബ്റാനിയും ഇബ്നു മർദവൈഹിയും നിവേദനം ചെയ്തിരിക്കുന്നു.**

പ്രസ്താവിച്ചിരിക്കുന്നു. പ്രവാചകന്റെ കാലത്ത് സുജൂദ് മണ്ണിലായിരുന്നു, പടത്തിലായിരുന്നില്ല. മണ്ണിൽ സുജൂദ് ചെയ്യുമ്പോൾ നെറ്റിയിൽ പറ്റുന്ന പൊടിയും മണ്ണുമാണ് സുജൂദിന്റെ ലക്ഷണമെന്ന് അബുൽ ആലിയ പറയുന്നു. മുഹമ്മദുൽ ഹസൻ, അത്വാഅ്, റബീഅ്, മുജാഹിദ്, ഇബ്നു അബ്ബാസ്, ദഹ്ഹാക്ക് തുടങ്ങിയ താബിഈ പണ്ഡിതന്മാരെല്ലാം മുൻഗണന നൽകിയിട്ടുള്ളത് മുഖത്ത് പ്രകടമാകുന്ന തെളിച്ചവും പ്രസന്നതയുമാണ് സുജൂദിന്റെ സീമാഅ്- ലക്ഷണം- എന്ന വീക്ഷണത്തിനാകുന്നു. 'ഉയിർത്തെഴുന്നേൽപു നാളിൽ നമസ്കാരക്കാർക്കുണ്ടാകുന്ന പ്രകാശം 'അവരുടെ മുഖത്തെ സീമാഅ്" ആകുന്നു എന്ന് നബി (സ) പ്രസ്താവിച്ചതായി ത്വബ്റാനിയും ഇബ്നു മർദവൈഹിയും നിവേദനം ചെയ്തിരിക്കുന്നു. ഈ നിവേദനം സാധുവായാൽ തന്നെ മറ്റ് അഭിപ്രായങ്ങളെ റദ്ദ് ചെയ്യുന്നില്ല എന്നാണ് ഭിന്നാഭിപ്രായക്കാരുടെ നിലപാട്. മൗലികമായി കൃഷിയാണ് زرع. ഇവിടെ ഉദ്ദേശ്യം വിത്താണ്. കർഷകൻ വിതക്കുന്ന ഗുണമേന്മയുള്ള വിത്ത് മണ്ണിൽ കിടന്നു മുളപൊട്ടി കൂമ്പുയർത്തുന്നു. കർഷകന്റെ പരിചരണം ആ തളിർക്കൂമ്പിനെ ശക്തിപ്പെടുത്തുന്നു. അതു ബലപ്പെട്ട് സ്വന്തം തണ്ടിൽ ശരിയായി വളരുന്നു. ആ വളർച്ച വിത്തിട്ട കർഷകനിൽ ആഹ്ലാദവും കൗതുകവുമുണർത്തുന്നു. ഇങ്ങനെയാണ് തൗറാത്ത് സത്യവിശ്വാസത്തെയും അതിന്റെ വികാസത്തെയും വർണിക്കുന്നത്.

കാഫിറുകളോട് കർക്കശരും തങ്ങൾക്കിടയിൽ ദയാലുക്കളുമായി വർത്തിക്കുക, ഭയഭക്തിയോടെ നമസ്കരിക്കുന്നവരായി കാണപ്പെടുക, വിശ്വാസത്തിന്റെയും ഭയഭക്തിയുടെയും ലക്ഷണം മുഖത്ത് പ്രകടമാവുക എന്നിവ തൗറാത്തിന്റെ വർണനയാണ്. ദീനുൽ ഇസ് ലാമിന്റെയും മുസ് ലിം സമൂഹത്തിന്റെയും വികാസത്തെയാണത് ചിത്രീകരിക്കുന്നത്. മുഹമ്മദ് (സ) കർഷകൻ. അബൂബക്ർ, ഖദീജ, അലി, അമ്മാർ, ബിലാൽ തുടങ്ങിയ ആദ്യകാല വിശ്വാസികൾ വിത്തുകൾ. അവരിലൂടെ ക്രമേണ വളർന്ന് വലുതായ സമൂഹത്തെയാണ് أَخْرَجَ شَطْأَهُ فَآزَرَهُ فَاسْتَغْلَظَ فَاسْتَوَىٰ عَلَىٰ سُوقِهِ എന്ന് വർണിച്ചിരിക്കുന്നത്. അവരുടെ ഈ വളർച്ച സത്യനിഷേധികളെ രോഷാകുലരാക്കുന്നു.

അന്ത്യപ്രവാചകന്റെ ആഗമനവും ഇസ് ലാമിന്റെ ഉത്ഥാനവും, പൂർവവേദങ്ങളായ തൗറാത്തും (പഴയ നിയമം) ഇഞ്ചീലും (പുതിയനിയമം) വ്യക്തമായി പ്രവചിച്ചിട്ടുണ്ടായിരുന്നുവെന്നാണ് ഈ സൂക്തം സൂചിപ്പിക്കുന്നത്. എന്നാൽ പ്രവാചകനെയും ഇസ് ലാമിനെയും നേർക്കു നേരെ പരാമർശിക്കുന്ന വചനങ്ങൾ രണ്ടു വേദങ്ങളിലും ഇപ്പോൾ കാണപ്പെടുന്നില്ല. ബാഹ്യാർഥത്തിൽ തന്നെ ഇസ്‌ലാമിനെയും മുഹമ്മദ് നബിയെയും പരാമർശിക്കുന്ന വചനങ്ങൾ രണ്ടു ബൈബിളുകളിൽനിന്നും പിൽക്കാലത്ത് നീക്കം ചെയ്യപ്പെട്ടതായിരിക്കുമെന്ന് ചില പണ്ഡിതന്മാർ പറയുന്നു. പ്രവാചകാഗമനവും ഇസ് ലാമിന്റെ വ്യാപനവും പ്രതീകാത്മകമായി പ്രവചിക്കുന്ന വചനങ്ങൾ രണ്ടു ബൈബിളിലും ഇപ്പോഴും കാണാം.

അത്തരം പ്രവചനങ്ങൾക്ക് ഉദാഹരണമായി ഇസ് ലാമിക പണ്ഡിതന്മാർ ചൂണ്ടിക്കാണിക്കുന്ന ചില വചനങ്ങൾ: 'ദൈവപുരുഷനായ മോശെ മരിക്കുന്നതിന് മുമ്പ് ഇസ്രയേൽ ജനത്തെ ഇങ്ങനെ അനുഗ്രഹിച്ചു: അയാൾ പറഞ്ഞു: കർത്താവു സീനായിൽനിന്നു വന്നു. യേസീറിൽവെച്ച് നമ്മുടെ മേൽ ഉദിച്ചു. പാറാൻ പർവതത്തിൽ അവൻ പ്രകാശിച്ചു. തന്റെ വലതുകൈയിൽ അഗ്നിജ്വാലയുമായി പതിനായിരങ്ങളായ വിശുദ്ധരിൽനിന്ന് അവൻ വന്നു. അതെ, അവന്റെ ജനത്തെ അവൻ സ്നേഹിച്ചു. അവന്നായി പ്രതിഷ്ഠിക്കപ്പെട്ടവർ അവന്റെ കൈകളിൽ ആയിരുന്നു. അതുകൊണ്ട് അവൻ നിന്റെ കാലടികളെ പിന്തുടർന്നു നിന്നിൽനിന്ന് നിർദേശങ്ങൾ സ്വീകരിച്ചു" (ആവർത്തനം 33:1-3).

ഈ പ്രവചനം വല്ലവർക്കും യോജിക്കുന്നുവെങ്കിൽ അത് മുഹമ്മദ് (സ)യിൽ മാത്രമാകുന്നു. ഇതിൽ പരാമർശിക്കുന്ന പാറാൻ പർവതം ഹിജാസിലെ പർവതങ്ങളാണ്. പതിനായിരങ്ങളായ വിശുദ്ധന്മാരിൽനിന്നു വന്നു എന്ന പരാമർശം, മക്കാ വിമോചന നാളിൽ പ്രവാചകൻ എത്തിയത് പതിനായിരം സ്വഹാബികളുമായിട്ടാണ് എന്ന ചരിത്രത്തോടും യോജിക്കുന്നു. മുസ് ലിംകൾ ഈ യോജിപ്പ് ചൂണ്ടിക്കാണിക്കാതിരിക്കാൻ വേണ്ടി പിൽക്കാലത്ത് ചില ബൈബിളുകൾ 'ലക്ഷങ്ങളായ വിശുദ്ധന്മാരിൽനിന്ന്" എന്നു തിരുത്തപ്പെട്ടിട്ടുണ്ട്. 'വിശുദ്ധന്മാർ' എന്ന വിശേഷണം تَرَاهُمْ رُكَّعًا سُجَّدًا يَبْتَغُونَ فَضْلًا مِّنَ اللَّهِ وَرِضْوَانًا سِيمَاهُمْ فِي وُجُوهِهِم مِّنْ أَثَرِ السُّجُودِ എന്ന വാക്യവുമായി യോജിക്കുന്നു. വിശുദ്ധന്മാരുടെ ചര്യയാണത് പ്രകാശിപ്പിക്കുന്നത്. സ്വഹാബത്തിന്റെ ഈ ചര്യ കാണുന്ന വേദവാഹകർക്ക് തങ്ങളുടെ വേദം പറയുന്ന വിശുദ്ധന്മാർ ഇവർ

**കാഫിറുകളോട് കർക്കശരും തങ്ങൾക്കിടയിൽ ദയാലുക്കളുമായി വർത്തിക്കുക, ഭയഭക്തിയോടെ നമസ്കരിക്കുന്നവരായി കാണപ്പെടുക, വിശ്വാസത്തിന്റെയും ഭയഭക്തിയുടെയും ലക്ഷണം മുഖത്ത് പ്രകടമാവുക എന്നിവ തൗറാത്തിന്റെ വർണനയാണ്.**

തന്നെയാണെന്ന് തിരിച്ചറിയാൻ കഴിയും. വലതു കൈയിലുള്ള തീജ്വാല ന്യായപ്രമാണത്തിന്റെ അഥവാ ശരീഅത്തിന്റെ ജ്വാലയാണ്. ചില ബൈബിളുകളിൽ അപ്രകാരം തന്നെ എഴുതപ്പെട്ടിട്ടുണ്ട്. പാലായിലെ ഓശാന പ്രസിദ്ധീകരിച്ച മലയാളം ബൈബിൾ' (8-ാം പതിപ്പ് 1986 സെപ്റ്റംബർ) പറയുന്നത് 'വലതുകൈയിൽ അഗ്നിജ്വാലയുമായി' എന്നാണ്. ഹിബ്രു മൂലം അവ്യക്തം' എന്ന് അടിക്കുറിപ്പും കൊടുത്തിരിക്കുന്നു. ധർമധ്വംസനത്തിനെതിരായും ധർമ പാലനത്തിനനുകൂലമായും മുഹമ്മദീയ ശരീഅത്തിനോളം വിട്ടുവീഴ്ചയില്ലാത്ത സുദൃഢവും സുവ്യക്തവുമായ വിധിവിലക്കുകളുള്ള മറ്റൊരു ശരീഅത്തില്ല എന്നതും സുവിദിതമാകുന്നു.

ഇഞ്ചീലിലെ പ്രവചനം ഒരു ഉപമയിലൂടെയാണ്: ഒരു കർഷകൻ മുന്തിരി കൃഷി ചെയ്തു. അതു കുടിയാന്മാരെ ഏൽപിച്ച ശേഷം മറ്റൊരു ദേശത്തേക്കു പോയി. വിളവെടുപ്പു കാലത്ത് മുന്തിരി ശേഖരിക്കാൻ ഭൃത്യന്മാരെ കുടിയാന്മാരുടെ അടുക്കലേക്കയച്ചു. കുടിയാന്മാർ ഭൃത്യരെ തല്ലുകയും കൊല്ലുകയും ചെയ്തു. കർഷകൻ വീണ്ടും വീണ്ടും ഭൃത്യന്മാരെ അയച്ചു. കുടിയാന്മാർ അവരെയെല്ലാം അങ്ങനെ തന്നെ കൈകാര്യം ചെയ്തു. ഒടുവിൽ സ്വന്തം മകനെ തന്നെ അയച്ചു. കുടിയാന്മാർ അയാളെ പിടിച്ച് തോട്ടത്തിന് പുറത്തെറിഞ്ഞു. യേശു ശിഷ്യന്മാരോടു ചോദിച്ചു: "ഇനി മുന്തിരിത്തോട്ടത്തിന്റെ ഉടമ വരുമ്പോൾ ആ കുടിയാന്മാരോട് എന്തു ചെയ്യും?'' അവർ പറഞ്ഞു: 'അയാൾ നികൃഷ്ടരെ വധിച്ച്, യഥാകാലം വിള നൽകുന്ന കുടിയാന്മാരെ തോട്ടം ഏൽപിക്കും.' യേശു ചോദിച്ചു: വിശുദ്ധ ലിഖിതത്തിൽ വായിച്ചിട്ടില്ലേ? "പണിക്കാർ തള്ളിക്കളഞ്ഞ കല്ലുതന്നെ മൂലക്കല്ലായിത്തീർന്നു. ഇതു കർത്താവിന്റെ പ്രവൃത്തിയാണ്. നമ്മുടെ ദൃഷ്ടിയിൽ വിസ്മയകരവും. അതിനാൽ ഞാൻ നിങ്ങളോടു പറയുന്നു: ദൈവരാജ്യം നിങ്ങളിൽനിന്ന് എടുത്ത് ഫലം പുറപ്പെടുവിക്കുന്ന ജനതക്കു നൽകും. ഇതുകേട്ട പുരോഹിതപ്പരിഷകൾ യേശു തങ്ങളെ ആക്ഷേപിക്കുകയാണെന്ന് മനസ്സിലാക്കി. പക്ഷേ, ജനരോഷം ഭയന്ന് അവർ അടങ്ങി" (മത്തായി 21:35-46 ന്റെ സംഗ്രഹം). ഈ ഭാഗം സൂക്ഷിച്ചു വായിക്കുന്നവർക്ക് മുഹമ്മദീയ പ്രവാചകത്വത്തിന്റെ പശ്ചാത്തലവും ദൈവിക ദീനിന്റെ പ്രബോധന ദൗത്യവും ആത്മീയതയുടെ ആചാര്യ പദവിയും ഇസ്മാഈല്യരിലേക്ക് മാറുന്നതും, തുടർന്ന് ഇസ് ലാമിനുണ്ടാകുന്ന ത്വരിത വികാസവുമാണതിൽ വർണിക്കുന്നതെന്ന് അനായാസം മനസ്സിലാകുന്നതാണ്.

''അവൻ ഉപമകളിലൂടെ പല കാര്യങ്ങളും അവരോട് സംസാരിച്ചു. അവൻ പറഞ്ഞു: ഒരു വിതക്കാരൻ വിതക്കാൻ പുറപ്പെട്ടു. വിതക്കുമ്പോൾ ചില വിത്തുകൾ വഴിയരികിൽ വീണു. പക്ഷികൾ വന്നു അവ കൊത്തിത്തിന്നു. മറ്റുചില വിത്തുകൾ അധികം മണ്ണില്ലാത്ത പാറ നിലത്തു വീണു. ആഴമില്ലാതിരുന്നതിനാൽ അവ പെട്ടെന്നു മുളച്ചുപൊന്തി. പക്ഷേ, സൂര്യനുദിച്ചപ്പോൾ അവ വാടി; വേരില്ലാതിരുന്നതിനാൽ അവ കരിഞ്ഞുപോയി. കുറേ വിത്തുകൾ മുൾച്ചെടികൾക്കിടയിൽ വീണു. മുൾച്ചെടികൾ വളർന്നു അവയെ ഞെരുക്കിക്കളഞ്ഞു. മറ്റു ചില വിത്തുകൾ നല്ല മണ്ണിൽ വീണു. അവ വളർന്ന്, ചിലത് നൂറും ചിലത് അറുപതും ചിലത് മുപ്പതും മേനി വിളവു നൽകി. ചെവിയുള്ളവൻ കേൾക്കട്ടെ'' (മത്തായി 13:39).

ഈ ഉപമ ചെറിയ വ്യത്യാസങ്ങളോടെ മാർക്കോസ് 41-ലും ലൂക്കോ 8-ലും വന്നിരിക്കുന്നു. മണ്ണിൽ വിതക്കുന്ന വിത്തുകൾ വളരെ ലഘുവായും മന്ദഗതിയിലും മുളച്ചുപൊന്തി ക്രമേണ ധാന്യം നിറഞ്ഞ ചെടികളും പഴങ്ങൾ നിറഞ്ഞ വൃക്ഷങ്ങളുമാകുന്നതിനോട് ഉപമിച്ചിരിക്കുകയാണ് ഇസ് ലാമിന്റെ വളർച്ചയെ. നല്ല മണ്ണിൽ വീണ നല്ല വിത്തെന്നപോലെ ഒരുനാൾ ഇസ്മാഈലികളിലെത്തുന്ന ഈ ദീൻ ക്ഷണേന വളർന്നു വികസിച്ചു ഫലസമൃദ്ധമാകും. ചരിത്രം ഈ പ്രവചനത്തെ അസന്ദിഗ്ധമായി സാക്ഷ്യപ്പെടുത്തിയിരിക്കുന്നു.

لِيَغِيظَ بِهِمُ الْكُفَّارَ യിലെ لِ കാരണസൂചകമല്ല; അനന്തര ഫലസൂചകമാണ്. അതായത്, ഗുണമേന്മയുള്ള വിത്ത് മുളച്ചുവളർന്ന് ഫലസമൃദ്ധമാകുന്നതുപോലെ ഇസ് ലാം വളർന്നു വികസിച്ച് ലോകമെങ്ങും പരക്കുന്നതിന്റെ ഫലമായി കൊടിയ സത്യനിഷേധികൾക്ക് അടക്കാനാവാത്ത പകയും വിദ്വേഷവുമുണ്ടാകുന്നു. സമകാലിക ചരിത്രം ഇതിനും സാക്ഷിയാകുന്നു.

സത്യ-ധർമങ്ങളിൽ വിശ്വസിക്കുകയും സത്കർമങ്ങൾ ആചരിക്കുകയും ചെയ്തവർക്കെല്ലാം അല്ലാഹു പാപമുക്തിയും മഹത്തായ കർമ ഫലവും വാഗ്ദാനം ചെയ്തിരിക്കുന്നു. എന്നാൽ, ഹുദൈബിയാ സംഭവത്തിൽ വെളിപ്പെട്ടതുപോലെ വിശ്വാസ ദൗർബല്യവും ആദർശ ശൈഥില്യവുമുള്ളവർ വിശ്വാസികളെന്ന അവകാശവാദം കൊണ്ടുമാത്രം ഈ വാഗ്ദാനത്തിന്

അർഹരാകുന്നില്ല. വാക്യത്തിലെ مِنْهُم എന്നതിനർഥം അവരിൽപെട്ട സത്യവിശ്വാസികളായ സച്ചരിതർ എന്നാവാം. സത്യവിശ്വാസികളും സച്ചരിതരുമായവർ എന്നുമാവാം. ആദ്യത്തെ അർഥത്തിലാണെങ്കിൽ ഹുദൈബിയയിൽ പങ്കെടുത്തവരിൽ സച്ചരിതരും സത്യവിശ്വാസികളും, അല്ലാത്തവരും ഉണ്ട് എന്നുവരും. അതു പക്ഷേ, 18-ാം സൂക്തത്തിലെ لَّقَدْ رَضِيَ اللَّهُ عَنِ الْمُؤْمِنِينَ إِذْ يُبَايِعُونَكَ تَحْتَ الشَّجَرَةِ എന്ന പ്രസ്താവനയുമായി പൊരുത്തപ്പെടുന്നതല്ല. അതിനാൽ, ഈ من വിശദീകരണത്തെ കുറിക്കുന്നതാണെന്നും സത്യവിശ്വാസികളും സച്ചരിതരുമായ അവർ എന്നാണർഥമെന്നും ചിലർ വ്യാഖ്യാനിച്ചിരിക്കുന്നു. منهم ലെ هم കുറിക്കുന്നത് സൂക്താരംഭത്തിൽ പരാമർശിച്ച وَالَّذِينَ مَعَهُ നെയാണ് എന്ന നിഗമനമാണീ സന്ദേഹത്തിനടിസ്ഥാനം. പ്രവാചകന്റെ കൂടെയുണ്ടായിരുന്നത് ഹുദൈബിയയിൽ പങ്കെടുത്തവരാണല്ലോ. അവരെ അല്ലാഹു തൃപ്തിപ്പെട്ടതായി പ്രസ്താവിക്കുകയും ചെയ്തിരിക്കുന്നു. അതിനാൽ, അക്കൂട്ടത്തിൽ സത്യവിശ്വാസികളും സച്ചരിതരും അല്ലാത്തവർ ഉണ്ടായിരിക്കുകയില്ല. സത്യവിശ്വാസികളും സച്ചരിതരുമായ അവർ, എന്ന് അർഥം കൽപിക്കുമ്പോൾ സങ്കീർണത ഒഴിവാകുന്നു. 'അവർ' സൂചിപ്പിക്കുന്നത് മുസ്‌ലിം സമുദായത്തെയാണെന്നും, സമുദായത്തിൽ യഥാർഥത്തിൽ സത്യവിശ്വാസം കൈക്കൊള്ളുകയും സത്കർമങ്ങളാചരിക്കുകയും ചെയ്യുന്ന എല്ലാവർക്കും അല്ലാഹു പാപമുക്തിയും വിശിഷ്ടമായ കർമഫലവും വാഗ്ദാനം ചെയ്യുന്നു എന്നുമാകുന്നു അപ്പോൾ ആശയം.

അല്ലാഹുവിന്റെ അനുഗ്രഹത്താൽ *സൂറത്തുൽ ഫത്ഹി*ന്റെ ബോധനം ഇവിടെ പൂർണമാകുന്നു. ●

**സത്യ-ധർമങ്ങളിൽ വിശ്വസിക്കുകയും സത്കർമങ്ങൾ ആചരിക്കുകയും ചെയ്തവർക്കെല്ലാം അല്ലാഹു പാപമുക്തിയും മഹത്തായ കർമഫലവും വാഗ്ദാനം ചെയ്തിരിക്കുന്നു.**